# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ എംപിഎം10/1628/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എംപിഎം10/1628/2021 തീയ്യതി: 05/11/2021

## മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-07-2020 മുതൽ 20-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ സന്തോഷ് പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ ഷാജഹാൻ ഖുറൈഷി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ യൂസഫ് പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രജിത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ പ്രേമരാജൻ ഒ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 15-07-2019 |
| ശ്രീ അശോകൻ എ.സി | സെക്രട്ടറി | 16-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രേമരാജൻ ഒ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ജേക്കബ് ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ജാനിഫ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.റെയ്ഹാന | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ രാജേഷ് കെ.കെ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ജമീല കെ.കെ | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ വിശ്വനാഥൻ എം | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ദീപിക ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. കാർത്തികേയൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 10-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 10-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന.<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Suresh.P (Audit Officer, On 11-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-10 |
| 11 | വാർഷികക്കണക്കിൻെറ പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-12 |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-13 |
| 14 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-14 |
| 15 | തെരുവ് വിളക്ക് സ്ഥാപിക്കൽ - നിർവഹണത്തിലെ അപാകതകൾ<br>Written By: Suresh.P (Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-15 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.<br>Written By: Suresh.P (Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-16 |

| | | |
|---|---|---|
| 17 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു<br>Written By: Suresh.P (Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-17 |
| 18 | തെരുവ് വിളക്ക് സംയുക്ത പരിശോധന അനിവാര്യം<br>Written By: Suresh.P (Audit Officer, On 07-10-2021)<br>Last Updated By: Suresh.P (Audit Officer, On 07-10-2021) | 1-18 |
| 19 | ചെലവിനങ്ങളുടെ വിനിയോഗവും മറ്റ് അപാകതകളും - സംബന്ധിച്ച്<br>Written By: Suresh.P (Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-19 |
| 20 | വീട് വാസയോഗ്യമാക്കൽ പദ്ധതി- അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-20 |
| 21 | പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-21 |
| 22 | എയ്ഡഡ് സ്കൂളിൽ ടോയ് ലറ്റ് നിർമ്മിക്കൽ -അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-22 |
| 23 | നീർത്തട വികസന മാസ്റ്റർ പ്ലാൻ ലഭ്യമാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-23 |
| 24 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-24 |
| 25 | വീട് വാസയോഗ്യമാക്കൽ  പദ്ധതി-നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-25 |
| 26 | ഈ-ടെണ്ടർ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 06-10-2021)<br>Last Updated By: Suresh.P (Audit Officer, On 10-10-2021) | 1-26 |
| 27 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 06-10-2021)<br>Last Updated By: Suresh.P (Audit Officer, On 10-10-2021) | 1-27 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 07-10-2021)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 09-10-2021) | 1-28 |
| 29 | വെള്ളച്ചാൽ സബ്സെന്ററർ പുനരുദ്ധാരണം-നഷ്ടത്തുക തിരിച്ചടവാക്കി<br>Written By: Santhosh.P.T (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-29 |
| 30 | വയോജനങ്ങൾക്ക് യോഗ പരിശീലന കേന്ദ്രം -പ്രവർത്തനം ആരംഭിച്ചില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-30 |

| | | |
|---|---|---|
| 31 | അങ്കണവാടി പോഷകാഹാരം- ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-31 |
| 32 | പശു വളർത്തൽ പദ്ധതി- രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-32 |
| 33 | മെറ്റീരിയൽ കളക്ഷൻ സെന്റർ-കെട്ടിടം പ്രയോജനപ്പെടുത്തണം<br>Written By: Santhosh.P.T (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-33 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ പദ്ധതി-പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-34 |
| 35 | പരിരക്ഷ പദ്ധതി-ഭക്ഷണ ചെലവ് അധികം നൽകി<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-35 |
| 36 | മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്ക് യോജ്യമാവാത്ത പ്രവൃത്തികൾ നടത്തി<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Suresh.P (Audit Officer, On 30-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Suresh.P (Audit Officer, On 28-09-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Suresh.P (Audit Officer, On 10-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Suresh.P (Audit Officer, On 10-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Suresh.P (Audit Officer, On 30-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Suresh.P (Audit Officer, On 27-09-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Suresh.P (Audit Officer, On 27-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Suresh.P (Audit Officer, On 26-09-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1(1)/14.02.2019 | 1(1)/21-03-2020 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28.06.21 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2019-20 |
|---|---|
| മുന്നിരിപ്പ് | 44200225 |
| വരവ് | 92907995 |
| ആകെ | 137108220 |
| ചെലവ് | 109195658 |
| നീക്കിയിരിപ്പ് | 27912562 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12917353 | 12917353 | 11802996 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3091294 | 3091294 | 2816294 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8041000 | 8041000 | 2422677 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4129000 | 4129000 | 2334340 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10539598 | 10539598 | 6900216 | 0 |
| ബി ഫണ്ട് | 0 | 21827900 | 21827900 | 21827900 | 0 |
| സാക്ഷരത | 57693 | 1986 | 59679 | 0 | 59679 |
| ദുരിതാശ്വാസ നിധി | 0 | 235874 | 235874 | 217101 | 18773 |
| ജനറൽ പർപ്പസ് ഫണ്ട് | 21394756 | 13913856 | 35308612 | 25250028 | 10058584 |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻആർ.ഇ.ജി.എസ് | 19475 | 1619319 | 1638794 | 1028785 | 610009 |
| ടോട്ടൽ സാനിറ്റേഷൻ | 1429908 | 29459 | 1459367 | 939357 | 520010 |
| എസ്,എസ്.എ. | 158647 | 5276 | 163923 | 0 | 163923 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 126164432 | 147 | 61630393 | 0 | 103 | 58.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19475 | 1619319 | 1638794 | 1028785 | 610009 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13623539 | 13623539 | 13623539 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34800 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 760200 | 275 |
| വിധവാപെൻഷൻ | 7936200 | 2714 |
| വാർദ്ധക്യകാലപെൻഷൻ | 10465200 | 3696 |
| വികലാംഗപെൻഷൻ | 2343500 | 796 |
| വിവാഹധനസഹായം | 90000 | 3 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള ധനസഹായം | 198000 | 67 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാത് ദിവസം തന്നെ കലക്ഷൻ തുക ബാങ്കിൽ അടവാക്കുന്നതിനാൽ മുൻ ദിവസത്തെ കലക്ഷൻ തുകയുടെ കൃത്യത ഡെ ബുക്കുമായി പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി റീക്കൺസിൽ ചെയ്യുന്നതിൽ പഞ്ചായത്ത് സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2012 മുതലുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം പദ്ധതി

നിർവഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് വിഘാതമാവുന്നുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-09-2021 | 03/2021-07/2021 | 07-09-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.07.2010 | 2004-05 മുതൽ 2009-10 വരെ | 24.09.2010 |

## 1-11 വാർഷികക്കണക്കിൻെറ പരിശോധനയിൽ കണ്ട അപാകതകൾ

2019-20 വാർഷികക്കണക്കിൻെറ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. സംയുക്ത പ്രൊജക്ടിനായുള്ള ട്രഷറി സ്പെഷൽ TSB അക്കൗണ്ടിലുള്ള മുൻബാക്കി, നീക്കി ബാക്കി തുകകൾ വാർഷികക്കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല-

| | മുൻബാക്കി | നീക്കി ബാക്കി |
|---|---|---|
| ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുക - വാർഷികക്കണക്ക് പ്രകാരം | 19,00,596 | 18,67,485 |
| ട്രഷറി സ്പെഷൽ TSB Joint Venture അക്കൗണ്ട് സ്റ്റേറ്റ്മെൻറ് പ്രകാരം | 13,85,269 | 10,54,658 |

2. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയുടെ ചെലവ് വാർഷികക്കണക്കിൽ 21,93,991 രൂപയും സുലേഖയിലെ ചെലവ് പത്രികയിൽ ആയത് 21,69,470 രൂപയും ആണ്.

3. 2018-19 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൻെറ നീക്കിയിരിപ്പ് തുക 6,02,355 രൂപ ഉണ്ട്. ഇതേ തുക തന്നെ 2019-20 വർഷത്തിലും നീക്കിയിരിപ്പായി ധനകാര്യപത്രികയിൽ കാണിച്ചിട്ടുണ്ട്. ഇത് ഏതൊക്കെ പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ നീക്കിയിരിപ്പാണെന്ന് വിശദീകരിക്കേണ്ടതാണ്.

4. താഴെപ്പറയുന്ന തുകകൾ വാർഷികക്കണക്കിലും എ.സി.ആറിലും വ്യത്യസ്ഥമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ഫണ്ടിനം | വാർഷികക്കണക്ക് | എ.സി.ആർ |
|---|---|---|
| MG-Road ചെലവ് | 24,22,677 | 48,89,092 |
| MG-Non Road-ചെലവ് | 23,34,340 | 27,79,731 |
| Traditional Functions Fund - വരവ് | 1,24,22,300 | 1,39,13,856 |

5. ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന തുകകൾ മുൻകൂറായി നൽകിയത് ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്.

Advance To Implementing Agencies, KSEB – 18,481

Advance To Implementing Agencies, GWD – 1,21,450

Advance To Implementing Officers – 6,22,500

മേൽ തുകകളുടെ വിവരങ്ങൾ അഡ്വാൻസ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6. വികസന ഫണ്ട് (ജനറൽ & എസ്.സി.പി.) , MG-NR എന്നിവയുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാൻറ് സ്റ്റേറ്റ്മെൻറുമായി പൊരുത്തപ്പെടുന്നില്ല.

8. ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ വില ചേർത്ത് കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഒഴൂർ സർവീസ് സഹകരണ ബാങ്ക് | $1^{st}$ &$2^{nd}$ |
| 2 | വേദവ്യാസ വിദ്യാ നികേതൻ, ഒഴൂർ | $1^{st}$ &$2^{nd}$ |
| 3 | അൽ ഇർഷാദ് ഇംഗ്ലീഷ് മീഡിയം സകൂൾ,മണലിപ്പുഴ | $1^{st}$ &$2^{nd}$ |
| 4 | എം.ഐ.എം. നഴ്സറി സ്കൂൾ, കോറാട് | $1^{st}$ &$2^{nd}$ |
| 5 | പ്രിയം ന്യൂട്രീമിക്സ്,ചുരങ്ങര | $1^{st}$ &$2^{nd}$ |
| 6 | ഗ്രാമ പഞ്ചായത്തിലെ റേഷൻ കടകൾ | $1^{st}$ &$2^{nd}$ |

ഡിമാന്റ് രജിസ്ററർ ,റിട്ടേണുകൾ എന്നിവ പരിശോധിച്ചെങ്കിലും ആയതിൽ നിന്നും വ്യക്തത വരാത്തവയുടെ വിവരങ്ങളാണ് നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.19/08.10.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| പേര് | തസ്തിക | സ്ഥാപനം | അർദ്ധ വർഷം | റിമാർക്സ് |
|---|---|---|---|---|
| ഹാറൂൺ റഷീദ്.പി | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | വില്ലേജ് ഓഫീസ്, ഒഴൂർ | $2^{nd}$ | ട്രാൻസ്ഫർ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| ഷൈനി.എൻ | എൽ.പി. എസ്.എ | ജി.എൽ.പി.എസ്.,ഒഴൂർ | $2^{nd}$ | ട്രാൻസ്ഫർ തിയ്യതി 07.1.2020 |
| അജി തോമസ് | എൽ.പി. എസ്.എ | | 1st | ട്രാനസ്ഫർ തിയ്യതി 31.5.2019 |
| ജിജി തോമസ് | എൽ.പി. എസ്.എ | | 1st | ട്രാൻസ്ഫർ തിയ്യതി 31.5.2019 |

| | | | | |
|---|---|---|---|---|
| ശശി.കെ | അസി.കൃഷി ഓഫീസർ | കൃഷിഭവൻ,ഒഴൂർ | 2nd | ട്രാൻസ്ഫർ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| വിജയശ്രീ.ആർ. | യു.പി.എസ്.ടി | ജി.യു.പി.എസ്, കരിങ്കപ്പാറ | 1st | ട്രാൻസ്ഫർ തിയ്യതി 31.5.2019 |
| സ്മിത.പി. | യു.പി.എസ്.ടി | | 1st | ട്രാൻസ്ഫർ തിയ്യതി 31.5.2019 |
| മീരാറാണി | യു.പി.എസ്.ടി | | 1st | ട്രാൻസ്ഫർ തിയ്യതി 06.6.2019 |
| സമീറ.ടി | യു.പി.എസ്.ടി | | 1st | ട്രാൻസ്ഫർ തിയ്യതി 14.8.2019 |
| ബാലകൃഷ്ണൻ | പി.ഡി.ടീച്ചർ | | 1st | ട്രാൻസ്ഫർ തിയ്യതി 11.6.2019 |
| ആതിര.പി.വി | സ്റ്റാഫ് നഴ്സ് | FHC,ഒഴൂർ | 2nd | കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| മുബീന.കെ.വി | ഫാർമസിസ്റ്റ് | | 2nd | |
| മറിയംബീവി.കെ.എസ് | JPHN | | 2nd | |
| സൂസൻ മാത്യു | HSA | CPPHMHS, വെള്ളച്ചാൽ | 2nd | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| ടി.കെ.മിനി | HSA | | 2nd | |
| നന്ദകുമാർ.ഇ | LPSA | GMLPS,മണലിപ്പുഴ | 2nd | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| ബിഷ.ടി.പി | VEO | BDO ഓഫീസ്,താനൂർ | 2nd | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| ജീവനക്കാർ | വിവിധം | പോസ്റ്റ് ഓഫീസ്, ഓമച്ചപ്പുഴ | 1st& 2nd | രജിസ്ററിൽ സ്ഥാപനത്തിന്റെ പേര് 19ാംക്രമ നമ്പറായി ചേർത്തിട്ടുണ്ട്. |
| ഷീന.പി | ക്ലർക്ക് | പഞ്ചായത്ത് ഓഫീസ്, ഒഴൂർ | 2nd | ട്രാൻസ്ഫർ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| സ്മിത.എസ് | ക്ലർക്ക് | | 2nd | ട്രാൻസ്ഫർ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| അഞ്ജന.എസ്.ശ്രീധർ | HSST | CPPHMHSS, വെള്ളച്ചാൽ | 2nd | കാരണം രേഖപ്പെടുത്തിയിട്ടില്ല |

ഡിമാന്റ് രജിസ്ററർ ,റിട്ടേണുകൾ എന്നിവ പരിശോധിച്ചുവെങ്കിലും ആയതിൽ നിന്നും നികുതി ഒടുക്കാത്തവരുടെ വിവരങ്ങളാണ് നൽകിയിട്ടുള്ളത്. പ്രസ്തുത വ്യക്തികൾ യഥാർത്ഥത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.19/08.10.21) നൽകി മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം 153 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ , ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം

8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6മാസം) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. 153 സ്ഥാപനങ്ങളിലായി 306 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി (306x450x2) 275400/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല.പ്രമുഖ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് പോലും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.19/08.10.21) നൽകി.മറുപടി ലഭ്യമാക്കിയിട്ടില്ല.നിയമവും ചട്ടങ്ങളും ബാധകമാകുന്ന വ്യക്തികളിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്ക് സ്ഥാപിക്കൽ - നിർവഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ അറ്റകുറ്റപണി തീർക്കുന്നതിനും മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുമാണ് പ്രൊജക്ടുകൾ വിഭാവനം ചെയ്യുന്നത്. പ്രൊജക്ടുകൾ നടപ്പാക്കിയതിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ചെലവഴിച്ച തുക | ഫണ്ടിനം | എണ്ണം | ബിൽ/ചെക്ക് നമ്പർ, തിയതി |
|---|---|---|---|---|---|
| 1 | 115/20 ആറാം വാർഡിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി | 48,000 | തനത് ഫണ്ട് | 15 | 2809542/31.03.20 |
| 2 | 124/20 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി | 2,91,200 | തനത് ഫണ്ട് | 91 | 2809541/31.03.20 |
| 3 | 104/20കരിങ്ങപ്പാറ നാൽക്കവല അംഗനവാടി മിനിമാസ്റ്റ് സ്ഥാപിക്കൽ | 1,94,047 | തനത് ഫണ്ട് | 01 | 2809543/31.03.20 |
| | ആകെ | 5,33,247 | | | |

നിർവഹണ ഏജൻസി ആയ സ്റ്റീൽ ഇൻഡസ്ട്രീസുമായി 24.12.2019 ന് കാരാറുടംമ്പടി വെക്കുകയും ടി ഏജൻസി തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ തുകകൾ കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. ഫയൽ പരിശോധനയിൽ നിർവഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. പദ്ധതി ആസൂത്രണത്തിന് മുൻപ് നിലവിൽ പ്രവർത്തിക്കാത്തതും പ്രവർത്തിക്കുന്നതുമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

2. അറ്റകുറ്റപ്പണി നടത്തുന്നതിനുൻപ് കെ.എസ്.ഇ.ബി യിൽനിന്നും അനുവാദം വാങ്ങിയ രേഖയില്ല.

3. തെരുവ് വിളക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

4. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

5. എല്ലാ ആക്സസറീസും ഉൾപ്പെടെ ഒരു സെറ്റിന്റെ വില 3200/-രൂപയാണ്. എന്നാൽ മാറ്റി സ്ഥാപിച്ച എല്ലാ ലൈറ്റുകൾക്കും (കേടായതും മാറ്റിയതുമായ സ്പെയറുകൾ പരിഗണിക്കാതെ) 3200/-രൂപ നൽകിയതായി കാണുന്നു.

6. പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/19-20/06.10.2021) ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങൾ ചട്ടം 79 പ്രകാരം മൂന്ന് വർഷത്തിൽ കൂടുതൽ കാലം ക്ലെയിം ചെയ്യപ്പെടാതെ അവശേഷിച്ച മുൻകൂറുകൾ സാമ്പത്തിക വർഷാവസാനത്തിൽ സർക്കാർ ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. കൂടാതെ 14.01.2020 ലെ എ.സി 1/125/2019 ത.സ്വ.ഭ.വ സർക്കാർ പുറപ്പെടുവിച്ച സർക്കുലറിലും മേൽ നിർദ്ദേശം കർശനമായി പാലിക്കുന്നതിന് നിർദ്ദേശമുള്ളതാണ്. 2019-20 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ, എ.എഫ്.എസ് ഷെഡ്യൂൾ ബി7 എന്നിവയുടെ പരിശോധനയിൽ 3,65,964/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. ഇതിൽ മൂന്ന് വർഷത്തിലധികമായ താഴെ പറയുന്ന തുകകളും ഉൾപ്പെടുന്നു. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ എ.എഫ്.എസ് അപാകതയായി ഇക്കാര്യം പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ നടപടിയൊന്നും കൈകൊണ്ടിട്ടില്ല.

| ഡെപ്പോസിറ്റ് ഇനം | വർഷം | തുക |
|---|---|---|
| Contractors EMD | 2015 | 6,000 |
| | 2016 | 3,325 |
| Auction Deposit | 2016 | 500 |
| Supplier EMD | 2012-13 (OB) | 1,04,496 |
| | 2013 | 37,515 |
| Suppliers Security Deposit | 2013 | 13,500 |
| | ആകെ | 1,65,336 |

മേൽ പരാമർശിച്ച കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-17 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടി തുക ഇതിനുവേണ്ടി തുടങ്ങിയ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 2019-20 വർഷത്തിലെ ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം ബാധ്യതാ ഹെഡിലുള്ള തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| ഹെഡ് ഓഫ് അക്കൌണ്ട് | നീക്കിയിരിപ്പ് |
|---|---|
| 320700104 | 6,02,355 |
| 320700204 | 11,65,130 |
| 320700205 | 1,00,000 |
| ആകെ | 18,67,485 |

പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.07.2017 ലെ സ. ഉ (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 – നു മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്റ്റിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന് മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും വിധം, ഫെബ്രുവരി 28 – ന മുമ്പേ തിരിച്ച നൽകേണ്ടതുമാണ്.

3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്റ്റ് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്റ്റുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ 2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ – 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 18,67,485 /- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളാണ് സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം സയുക്ത പ്രോജക്റ്റിനുള്ള ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിൽ ഈ ബാലൻസ് തുക മുഴുവനായും ഇല്ല. 31.03.2020ലെ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 10,54,658 രൂപ മാത്രമാണ് .
അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് സംയുക്ത പരിശോധന അനിവാര്യം

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്ക് രജിസ്റ്റർ അപൂർണ്ണമാണ്. ഇതുമൂലം വാർഡടിസ്ഥാനത്തിലുള്ള പ്രവർത്തനക്ഷമമായവയും അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി ക്ക് അവരുടെ ഡിമാന്റിനെ മാത്രം ആശ്രയിച്ച് പണം ഒടുക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്നുണ്ട്. പഞ്ചായത്ത്, കെ.എസ്.ഇ.ബി യുമായി ചേർന്ന് വാർഡ് അടിസ്ഥാനത്തിൽ ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുന്നതിനും ഉപയോഗിച്ച ഊർജ്ജത്തിന് മാത്രം പണം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതും ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാവേണ്ടതും അത്യാവശ്യമാണ്.

## 1-19 ചെലവിനങ്ങളുടെ വിനിയോഗവും മറ്റ് അപാകതകളും - സംബന്ധിച്ച്

സെക്രട്ടറി 2019-20 വർഷത്തിൽ ചെലവഴിച്ച് താഴെ പറയുന്ന തുകകളിൽ അതാതിന് നേരെ കാണിച്ച അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | ചെലവിനം | തുക | വൌച്ചർ, ചെക്ക് നമ്പർ | ലഭ്യമാവാത്ത രേഖകൾ അപാകതകൾ |
|---|---|---|---|---|
| 1 | 271/20പുന്നക്കപാറ അങ്കനവാടിക്ക് മോട്ടോർ സ്ഥാപിക്കൽ | 30,000 | 3097495/4.2.20 | ഭൂജലവകുപ്പിൽനിന്നുള്ള ധനവിനിയോഗവിവരങ്ങൾ |
| | | 50,000 | 27/31.01.20 | |
| 2 | 12/20 IKM വിഹിതം അടവാക്കൽ | 69415 | 03/04.06.20 | IKM നല്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം 68570/- രൂപയാണ് നല്കേണ്ടത് |
| 3 | PHC പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച ട്രോഫി വാങ്ങിയ ചെലവ് | 3,800 | 21900984/ 14.02.21 | സ്ഥാപനം(Fighter, Manufactors & Suppliers Of Sports Wear & Trophies, Tirur) ഹാജരാക്കിയ ഇൻവോയ്സ്(4755/6.1.20) പ്രകാരം 3,088/- രൂപയാണ് നല്കേണ്ടത്. |
| 4 | 252/20 ISO സർട്ടിഫിക്കേഷനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ | 14,500 | 004748/12.11.19 | New Indian Aluminium Materials, Valluvambram, Malappuram എന്ന സ്ഥാപനത്തിൽനിന്നും ഉപകരണങ്ങൾ വാങ്ങിയ ചെലവ്. ഇൻവോയ്സ് (B2B/00016/26.9.19) പ്രകാരം 12,500 രൂപയേ നല്കേണ്ടതുള്ളു. |

ക്രമനമ്പർ (1) പ്രകാരം ഭൂജലവകുപ്പിൽനിന്നുള്ള ധനവിനിയോഗവിവരങ്ങൾ ഹാജരാക്കേണ്ടതും ക്രമനമ്പർ (2) (3) (4) എന്നിവ പ്രകാരം അധികം നല്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08/19-20/04.10.21) മറുപടി ലഭിച്ചില്ല. ചെലവ് തുക തടസം ചെയ്യുന്നു.

## 1-20 വീട് വാസയോഗ്യമാക്കൽ പദ്ധതി- അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രൊജക്റ്റ് -വീട് വാസയോഗ്യമാക്കൽ

പ്രൊജക്റ്റ് നം. - S0006/20

അടങ്കൽ - 28,80,000(14,40,000 – മറ്റുള്ളവ ; 14,40,000- തനത് ഫണ്ട്)

ചെക്ക് നം. 3097459/16-11-2019 : 4,00,000

ചെക്ക് നം. 3097460/16-11-2019 : 1,70,000

ചെക്ക് നം. 3097479/16-01-2020 : 80,000

ചെക്ക് നം. 3097492/01-02-2020 : 60,000

ചെക്ക് നം. 2809503/24-02-2020 : 1,00,000

ചെക്ക് നം. 2809507/28-02-2020 : 1,30,000

ചെക്ക് നം. 2809513/16-03-2020 : 60,000

ചെക്ക് നം. 2809525/26-03-2020 : 1,50,000

വി.ഇ.ഒ നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം71 ഗുണഭോക്താക്കൾക്ക് 20,000രൂപ നിരക്കിൽ ആകെ 11,50,000രൂപ നൽകിയിട്ടുണ്ട് (ഏതാനും ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു 10,000രൂപ 2020-21 ലാണ് നൽകിയിട്ടുള്ളത്).

14.2.2018ലെ ജി.ഒ(എം.എസ്)22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക6-7(6) പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനാണ് ധനസഹായം നല്കാവുന്നത്. ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപ നൽകാവുന്നതാണ്. മേൽ പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഈ പദ്ധതി പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് മാത്രമാണ് ധനസഹായം നൽകാവുന്നത്. എന്നാൽ ധനസഹായം ലഭിച്ചവരുടെ വീടുകൾ വാസയോഗ്യമല്ല എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ജനറൽ വിഭാഗത്തിന് 1,00,000 രൂപ ധനസഹായം നൽകാവുന്നതാണ്. എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ അപ്രകാരം എഞ്ചിനീയർ മുൻകൂട്ടി പരിശോധന നടത്താതെ മുഴവൻ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ സബ്സിഡി തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് സർക്കാർ നൽകുന്ന പരമാവധി തുകയായ 1,00,000രൂപ ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് മാത്രം നൽകുന്നതിന് പകരം ചെറിയ തുക മാത്രം നൽകുന്നത് പദ്ധതി ലക്ഷ്യം നേടുന്നതിന് വിഘാതമായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ

2019-20 വർഷം അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 145 പ്രോജക്ടുകൾ ആണ് തയ്യാറാക്കിയത്.അതിൽ 68 എണ്ണം നടപ്പാക്കിയിട്ടില്ല. 40 സ്പിൽ ഓവർ പ്രൊജക്ടുകളിൽ 1 എണ്ണം നടപ്പാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവത്തികൾ തൻവർഷം തന്നെ പൂർത്തിയാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ആകെ പദ്ധതികൾ | 145 | ആകെ അടങ്കൽ | 46780016 |
| നടപ്പിലാക്കിയത് | 77 | ആകെ ചെലവ് | 23024806 |
| ശതമാനം | 53 | ശതമാനം | 49 |

പഞ്ചായത്തിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസിയർമാരുമാണ് നിലവിൽ ജോലിചെയ്യുന്നത്.പ്രവത്തികളുടെ ബാഹുല്യം പദ്ധതി നിർവഹണത്തിൽ തടസ്സം വരുത്തുന്നുണ്ട്.കൂടാതെ പ്രവത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്താൻ കഴിയുന്നമില്ല. തൻവർഷത്തിൽ ആകെ 145 പ്രവൃത്തികളിൽ 77 പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കിയത്.പദ്ധതി ചെലവ് 49% മാത്രമാണ് .മരാമത്ത് പ്രവൃത്തികൾ വീതം വയ്ക്കാതെ

പഞ്ചായത്തിനെ ഒറ്റ യൂനിറ്റായി കണ്ട് മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യാനും പ്രവൃത്തികൾ തൻവർഷം തന്നെ പൂർത്തിയാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കണമെന്ന് പദ്ധതി മാർഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല.കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തികൾചെയ്യതെന്ന് ഉറപ്പ് വരുത്തുന്ന രേഖകളൊന്നും(ആസ്തി കൈമാറിയ രേഖ,ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ വിവരം) സൂക്ഷിച്ചിട്ടില്ല.പ്രവൃത്തി നിർവഹിക്കുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ എന്ന് ഉറപ്പുവരുത്തുകയും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കാഷ്ബുക്കിൽ ദിവസേനയുള്ള ക്ലോസിംഗ്,മാസാന്ത്യ ക്ലോസിംഗ്,വർഷാന്ത്യ ക്ലോസിംഗ് എന്നിവ രേഖപ്പെടുത്തുന്നില്ല. പ്രോജെക്ട് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ ഹാജരാക്കിയില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.17 ലെ11350/15/CE തസ്വഭവ നമ്പർ സർക്കുലറിൽ നിർദേശിച്ച എല്ലാ രജിസിറ്ററുകളും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല

ടെൻഡർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവത്ത വൈകിയാൽ ഏതു നിരക്കിൽ പിഴ ഈടാക്കുമെന്നും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ വ്യക്തമാക്കുന്നില്ല.കൂടാതെ പിഴ സംബന്ധിച്ച പുതിയ PWD മാന്വൽ പ്രകാരമുള്ള വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുന്നില്ല.PWD മാന്വൽ നിർദേശങ്ങൾ പൂർണമായി പദ്ധതി നിർവഹണത്തിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

റോഡ് പ്രവൃത്തികളുടെ ചെയിനേജ് വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

തൻവർഷം ചെയ്ത റോഡ് പ്രവത്തികളുടെ ചെയിനേജ് എസ്റ്റിമേറ്റിലും എംബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

പ്രവത്തി പൂർത്തീകരിച്ച് രേഖാമൂലം സൈറ്റ് തിരിച്ചേൽപ്പിക്കുന്നില്ല.

പ്രവത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ,ബാക്കി വന്ന സാമഗ്രികൾ,താൽക്കാലിക നിർമ്മിതികൾ, എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസി. എഞ്ചിനീയറെ തിരിച്ചേൽപ്പിക്കേണ്ടതാണ്.എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി രൂപീകരണത്തിനായി ഓരോ വിഷയമേഖലയിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന് വിദഗ്ദ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്.മുൻ വർഷത്തെ പ്രൊജക്ടുകളുടെ നിർവഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക,സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക, പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ട് നിർവഹണത്തിനു ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക തുടങ്ങിയ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ 2020-21 ലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിന് 7.1.20 ൽ ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതികൾ നിർദേശിക്കുന്നതിനപ്പുറം കാര്യമായ ചർച്ചകൾ നടന്നിട്ടില്ല.വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലും നിർവഹണം നടത്തുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതാണ്.വർക്കിംഗ് ഗ്രൂപ്പുകളെ പുനസംഘടിപ്പിക്കുകയും അവയ്ക്ക് വേണ്ട മാർഗ നിർദേശങ്ങൾ നൽകുകയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളാണ്.വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് ഗൗരവമായ ചർച്ചകളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയതായി കാണുന്നില്ല. അതാത് മേഖലകളുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ നിർദേശിക്കുന്നതിലും പരിഹാരമുണ്ടാക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വ്യക്തമായ മേൽനോട്ടമാവശ്യമാണ്.

മോണിറ്ററിംഗ് കാര്യക്ഷമമല്ല.

മരാമത്ത് ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്,നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ സൂക്ഷിച്ചിട്ടില്ല.ആയത് സൂക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 എയ്ഡഡ് സ്കൂളിൽ ടോയ് ലറ്റ് നിർമ്മിക്കൽ -അപാകതകൾ

അസി.എഞ്ചിനീയർ നിർവഹണ ഉദ്യാഗസ്ഥനായി 2018-19 വർഷത്തിൽ തയ്യാറാക്കി അംഗീകാരം നേടി 2019-20 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റ് നമ്പർ/പേര് | ഫണ്ട് | തുക | ബിൽ/ വൗച്ചർ നമ്പർ/ തിയതി |
|---|---|---|---|---|
| 1 | 183/അയ്യായ എ എം എൽ പി സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം | വികസന ഫണ്ട് | 4,00,000 | 37/19-20 തി. 18-1-20 4,00,000 |
| 2 | 186/എരനെല്ലൂർ എ എം എൽ പി സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം | കേന്ദ്രാവിഷ്കൃത ഫണ്ട് | 3,89,873 | 949183/11-11-19 1182343/19-11-19 3,89,873 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടികയിൽ വിവരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ,വിദ്യാഭ്യാസ മേഖലയിൽ സർക്കാർ പ്രൈമറി സ്കൂളുകളുടെയും പ്രീ പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പാണ്.

2019-20 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗരേഖ ജി ഒ(എംഎസ്) 11/2018/തസ്വഭവ തി.29-1-18 നമ്പർ ഉത്തരവ് ഖ.7.6 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ള യൂറിനലുകളും ടോയ് ലറ്റുകളും,വാഷ്ബേസിനുകളും നിർമ്മിക്കുകയും അവയിൽ ജലലഭ്യതയും മറ്റ് ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയശേഷം മാത്രം എയ്ഡഡ് സ്കൂളുകൾക്ക് ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താമെന്നാണ് പറയുന്നത്.

പ്രദേശത്തെ സർക്കാർ എൽപി, യു പി സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയ ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത്.പഞ്ചായത്ത് നടപ്പിലാക്കിയ മേൽ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പിലാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യം ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകി

പഞ്ചായത്തിൽ പ്രൈമറി മേഖലയിൽ 4 സർക്കാർ സ്ഥാപനങ്ങളും 5 എയ്ഡഡ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.13 ാം പഞ്ചവൽസര പദ്ധതി 2017-22 അവസ്ഥാ രേഖയിൽ ഖ. 1.1.6 ശുചിമുറി സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങളിൽ ഗ്രാമ പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ താഴെ പറയുന്ന ശുചിമുറി സൗകര്യങ്ങളുടെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ശുചിമുറി സൗകര്യങ്ങളുടെ കുറവ് | |
|---|---|---|---|
| | | ആൺ | പെൺ |
| 1 | ജി എം യു പിഎസ് കോറാട് | 1 | 1 |
| 2 | ജി യു പിഎസ് കരിങ്കപ്പാറ | 3 | 3 |

സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് സൗകര്യം ഇല്ലാതിരിക്കെയാണ് എയ്ഡഡ് സ്കൂളുകൾക്ക് സഹായം നൽകിയത്.

2 ടോയ്‌ലറ്റ് നിർമ്മാണത്തിന് മേൽ സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല.

ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ അഞ്ചോളം എയ്ഡഡ് സ്കൂളുകൾ ഉണ്ടെങ്കിലും ടോയ്‌ലറ്റ് നിർമ്മാണത്തിന് മേൽ സ്കൂളുകളെ തെരഞ്ഞെടുത്തത് ഏതു മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല . ഇതു സംബന്ധിച്ച്

വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചകൾ നടത്തിയതായി കാണുന്നില്ല.കൂടാതെ എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലറ്റുകളുടെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയതായി കാണുന്നില്ല.

3 ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് സമ്മതം തേടിയിട്ടില്ല

എയ്ഡഡ് സ്കൂളിൽ നിർമ്മാണ പ്രവർത്തനം നടത്തണമെന്ന് സ്കൂളിന്റെ ഉടമസ്ഥൻ(മാനേജ്മെന്റ് കമ്മിറ്റി)രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല.കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള അനുമതി തേടിയിട്ടില്ല.

4 സർക്കാർ സ്കൂളിൽ സൗകര്യങ്ങൾ പര്യാപ്തമാണെന്നുള്ള സാക്ഷ്യപത്രം ഇല്ല.

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ള യൂറിനലുകളും ടോയ്‌ലറ്റുകളും വാഷ്ബേസിനുകളും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യ ഉറപ്പു വരുത്തി മാത്രം എയ് ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതിയുള്ളത് പഞ്ചായത്ത് പ്രോജെക്ട് തയ്യാറാക്കുന്നതിനു മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും മേൽപറഞ്ഞ എല്ലാ സൗകര്യങ്ങളും ഉണ്ടെന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5 തെറ്റായ വിവരങ്ങൾ നൽകി പ്രോജക്ടിന് അംഗീകാരം നേടി

പ്രോജക്ട് പ്രകാരം മേൽ സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ വിദ്യഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ പ്രസ്തുത സ്കൂളുകൾ എയ്ഡഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പ്രൈവറ്റ് എയ്ഡഡ് സ്കൂളിനെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച് അംഗീകാരം നേടി പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നമ്പർ 3/4-10-20201 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ ഭാവിയിൽ പ്രവൃത്തി നടത്തുമ്പോൾ ശ്രദ്ധിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ആദ്യമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-23 നീർത്തട വികസന മാസ്റ്റർ പ്ലാൻ ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നിർത്തടവികസന മാസ്റ്റർ പ്ലാൻ പുതുക്കി തയ്യാറാക്കൽ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ചെലവ് | ഫണ്ട് | ചെക്ക്നമ്പർ/ തിയതി |
|---|---|---|---|
| 130/19-20<br>നീർത്തട വികസന മാസ്റ്റർ പ്ലാൻ പുതുക്കി തയ്യാറാക്കൽ | 5,58,932 | തനത് ഫണ്ട് | JC3023983/3-6-20<br>3,58.932 രൂപ<br>JC3023984/3-6-20<br>2,00,000 രൂപ<br>ആകെ-5,58,932 രൂപ |

നീർത്തട വികസന മാസ്റ്റർ പ്ലാൻ പുതുക്കി തയ്യാറാക്കുന്നതിനായി 5,58,932 രൂപ അക്രഡിറ്റഡ് ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി മുണ്ടൂരിന് കൈമാറിയിട്ടുണ്ട്. നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കി പഞ്ചായത്തിനു ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/24-9-21 നു പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ് എന്ന് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.നീർത്തട വികസന മാസ്റ്റർ പ്ലാൻ ലഭ്യമാക്കുന്നതുവരെ 5,58,932 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 167 ഒഴൂർ അംഗനവാടി വൈദ്യുതീകരണം(സ്പിൽ ഓവർ) പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും 49,769 രൂപ ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പർ 29/19-20 തി. 9.8.2019).മേൽ പ്രോജക്ട് നിർവഹണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ഇതു സംബന്ധിച്ച് നമ്പർ 3/4-10-2021 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ

പ്രോജക്ടിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയത്.പ്രവൃത്തി നിർവഹണത്തിന്റെ ഭാഗമായ എം ബുക്ക്,എസ്റ്റിമേറ്റ് ,മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ,അനുബന്ധ രേഖകൾ എന്നിവ കൂടി ലഭ്യമാക്കേണ്ടതാണ്. 49,769 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 വീട് വാസയോഗ്യമാക്കൽ പദ്ധതി-നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കിയില്ല

1. പ്രൊജക്ട് -വീട് വാസയോഗ്യമാക്കൽ

പ്രൊജക്ട് നം. - S0006/20

അടങ്കൽ - 28,80,000(14,40,000 – മറ്റുള്ളവ ; 14,40,000- തനത് ഫണ്ട്)

2. പ്രൊജക്ട് -വീട് വാസയോഗ്യമാക്കൽ (എസ്.സി.)

പ്രൊജക്ട് നം. - S0007/20

അടങ്കൽ - 18,00,000 (15,28,594- വികസന ഫണ്ട് ; 71,406- തനത് ഫണ്ട്)

വി.ഇ.ഒ നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി (1) പ്രകാരം ആദ്യ ഗഡു 10,000 രൂപ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്ര.നം. | പേര് | ചെക്ക് നമ്പർ/ തിയ്യതി | തുക |
|---|---|---|---|
| 1 | ശ്രീ. മൊയ്തീൻ കുട്ടി,<br>നെച്ചിക്കാട്ട് പള്ളിമാളിൽ | 3097459/<br>16-11-2019 | 10,000 |
| 2 | ശ്രീ. ബഷീർ, എടമരത്ത് പറമ്പിൽ | | 10,000 |
| 3 | ശ്രീ. മുഹമ്മദ് ആലുങ്ങൽ | | 10,000 |
| 4 | ശ്രീമതി ലക്ഷ്മി, കോരംകുന്നത്ത് | | 10,000 |
| 5 | ശ്രീമതി കാർത്യായനി, തിരുനങ്ങാട്ട് | | 10,000 |
| ആകെ | | | 50,000 |

ക്രമ നമ്പർ 2 പദ്ധതി പ്രകാരം 50,000രൂപ (ബിൽ നം.18/01-02-2020) ആദ്യ ഗഡു കൈപ്പറ്റിയ ശ്രീമതി രാധ, കുണ്ടാനിക്കുന്നത്ത് നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നത് വരെ ചെവല് തുക 1,00,000 (50,000+50,000) രൂപ തടസ്സം ചെയ്യുന്നു.

## 1-26 ഈ-ടെണ്ടർ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരവും ഈ പ്രവൃത്തികളിൽ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്തിൽ വരവ് വെച്ചതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 6/4-10-2021 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ രേഖകൾ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ നാളിതുവരെ പഞ്ചായത്തിനു ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കി ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യനിർണയതുകയുടെ ഒരു ശതമാനം പ്രവത്തികളുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണതൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്.1996 ലെ ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈയിനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതുണ്ട്.സ.ഉ (കൈ)നം 161/16/ ത.സ്വ.ഭ.വ തി.9.11.2016 പ്രകാരം ജലസുരക്ഷ-സമ്പൂർണ കിണർ റീചാർജ് സംബന്ധിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.എന്നാൽ ഒഴൂർ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ കിണർ റീചാർജ് പ്രവൃത്തികൾ ഏറെ പ്രസക്തമാണ്.മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ ചെലവ് രേഖകൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് വർഷങ്ങളിൽ വേനൽ രൂക്ഷമായ സമയത്ത് കുടിവെള്ളം വിതരണം ചെയ്യാൻ വലിയ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിതമായ ഇടപെടലുകൾ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## 1-29 വെള്ളച്ചാൽ സബ്സെന്റർ പുനരുദ്ധാരണം-നഷ്ടത്തുക തിരിച്ചടവാക്കി

പ്രോജക്ട് നമ്പർ - 176/19-20( സ്പിൽ ഓവർ)

നിർവഹണ ഉദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

കരാർ-53/AE/LSGD/OZR/2028-19

മൂല്യനിർണയം-97476

എംബുക്ക്-127/18-19

ബിൽ 176/20 തി. 16.12.2019

ടി എസ്-1,20,000(എം ജി നോൺ റോഡ്)

Cost Index-37.25%

വെള്ളച്ചാൽ എഫ് എച്ച് സി സബ്സെന്റർ പുനരുദ്ധാരണം 97,476 രൂപ മൂല്യനിർണയത്തിൽ പൂർത്തിയായിട്ടുണ്ട്.പ്രവൃത്തിയിൽ താഴെ പറയുന്ന അപാകത ഉണ്ടായിരുന്നു

സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധികനിരക്ക് നൽകി

പ്രവൃത്തിയുടെ ഭാഗമായി മേൽക്കൂര നിർമ്മിച്ചതിൽ GI പൈപ്പ്(Rectangular Hollow Tube)ഉപയോഗിച്ചാണ് ഈ പ്രവൃത്തി ചെയ്തത്. ഇതിനായി ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 137.46/Kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്.(DSR CODE 50.10.1).എന്നാൽ പ്രവൃത്തി സിംഗിൾ സെക്ഷൻ പ്രവൃത്തി ആയതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 പ്രകാരം 111.93/Kg രൂപയാണ്.

പ്രവൃത്തി 29.9.21 ന് അസി. എഞ്ചിനീയുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തുകയും നമ്പർ 5/4-10-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകുകയും ചെയ്തിരുന്നു.തുടർന്ന് നഷ്ടത്തുക 5079 രൂപ 121050101413/8.10.21 നമ്പർ രശീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കിയിട്ടുണ്ട്.

## 1-30 വയോജനങ്ങൾക്ക് യോഗ പരിശീലന കേന്ദ്രം -പ്രവർത്തനം ആരംഭിച്ചില്ല.

2019-20 സാമ്പത്തിക വർഷത്തിൽ അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ചേർത്ത് 8,38,319 രൂപ ചെലവാക്കി വയോജനങ്ങൾക്ക് യോഗ പരിശീലന കേന്ദ്രം നിർമ്മിച്ചിട്ടുണ്ട്.`പ്രോജക്ട് നമ്പർ 136/19-20. ഒന്നാം വാർഡിൽ ഓണക്കാട് എന്ന സ്ഥലത്താണ് യോഗ പരിശീലനകേന്ദ്രം സ്ഥിതി ചെയ്യുന്നത്. എന്നാൽ 29-9-2021 ന് അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ യോഗ പരിശീലനകേന്ദ്രം സന്ദർശിച്ചപ്പോൾ അത് ഒഴിഞ്ഞുകിടക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഇൻസ്ട്രക്ടറെ നിയമിക്കുകയും ചെയ്ത് യോഗ പരിശീലനം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.പഞ്ചായത്ത് നിർമ്മിക്കുന്ന ആസ്തികൾ നിഷ്ക്രിയമായി ഒഴിഞ്ഞു കിടക്കുന്നത് ശരിയായ നടപടിയല്ല. യോഗപരിശീലന കേന്ദ്രം പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്..

## 1-31 അങ്കണവാടി പോഷകാഹാരം- ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് : അങ്കണവാടി പോഷകാഹാരം

നം. : S0010/2020

അടങ്കൽ - 28,00,000 (വികസന ഫണ്ട്- 11,32,105 ; കേന്ദ്ര വിഹിതം- 12,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 2,00,000 തനത് ഫണ്ട് - 2,67,895)

ബിൽ നം. 01/18-07-2019 : 8,24,880

ബിൽ നം. 04/07-09-2019 : 1,11,778

ബിൽ നം. 05/19-10-2019 : 1,48,399

ചെക്ക് നം. 3097448/23-10-2019 : 1,09,470

ചെക്ക് നം. 3097462/21-11-2019 : 1,58,305

ചെക്ക് നം. 3097483/28-01-2020 : 1,58,305

ചെക്ക് നം. 3097500/17-02-2020 : 2,71,671

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിനായി പ്രിയം ന്യൂട്രിമിക്സ്, ചുരങ്ങരയിൽ നിന്നും 18,010 Kg അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ലിമെന്റ് വാങ്ങിയതിന് 13,65,985/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി. .എസ് ബി3 - 312/2010,18.12.2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് പരിശോധനയ്ക്ക് അയച്ച് റിസൾറ്റ് ലഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-32 പശു വളർത്തൽ പദ്ധതി- രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

പ്രോജക്ട് : പശു വളർത്തൽ

നം. : S0022/2020

അടങ്കൽ - 18,00,000 (വികസന ഫണ്ട്- 7,00,000 ; തനത് ഫണ്ട് - 2,00,000 മററുള്ളവ-9,00,000 )

ബിൽ നം. 05/15-02-2020 : 4,75,000

ബിൽ നം. 07/30-03-2020 : 2,25,000

ചെക്ക് നം. 2809517/20-03-2020 : 2,00,000

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൻ കീഴിൽ 36പശുക്കൾക്കായുള്ള സബ്സിഡി തുക 25,000 രൂപ വീതം ആകെ 9,00,000 രൂപ ദി ഒഴൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 14.2.2018ലെ ജി.ഒ.(എം.എസ്) 22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-2(1)പ്രകാരം പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ആയതിൻെറ വിവരങ്ങളും, പശുവിനെ വിൽപ്പന നടത്തിയ മുൻ ഉടമസ്ഥർക്ക് തുക ലഭ്യമായതിൻെറ വിവരവും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 9,00,000രൂപ തടസ്സം ചെയ്യുന്നു.

## 1-33 മെറ്റീരിയൽ കളക്ഷൻ സെന്റർ-കെട്ടിടം പ്രയോജനപ്പെടുത്തണം

2019-20 വർഷത്തിൽ അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 177/19-20 സ്പിൽ ഓവർ പ്രോജക്ട് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 4,99,484 രൂപ ചെലവഴിച്ച് ഒരു മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്.ഒഴൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിനു മുമ്പിൽ ലൈബ്രറി കെട്ടിടത്തിനു മുകളിലായാണ് നിർമ്മാണം.15.64m2 പ്ലിന്ത് ഏരിയയിൽ Laterite ഭിത്തി കെട്ടി തൊഴിലാളികൾക്കായി ഒരു വിശ്രമമുറിയും 28.06m2 ൽ അരഭിത്തി കെട്ടി പ്ലാസ്റ്ററിംഗ് ചെയ്തു 1.50 മീറ്റർ ഉയരത്തിൽ ഗ്രിൽ ഇട്ട് അജൈവ പാഴ്വസ്തു ശേഖരിക്കുന്നതിനുള്ള ഹാളും മുകളിൽ ട്രസ്സ് വർക്ക് ചെയ്തു ഷീറ്റും കൂടാതെ സ്റ്റീൽ സ്റ്റെയർക്കേസും ഉൾപ്പടെയുള്ള പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.പിന്നീട് ഗ്രാമ പഞ്ചായത്ത് തീരുമാന പ്രകാരം തുകയിൽ വ്യത്യാസം ഇല്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.റിവൈസ്ഡ് എസ്റ്റിമേറ്റിൽ പ്ലാസ്റ്ററിംഗ്,പെയിന്റിംഗ് ,വിൻഡോ ഷട്ടർ എന്നിവ ഒഴിവാക്കിയിട്ടുണ്ട്.കൂടുതലായി GI പൈപ്പ് ചെയ്യുന്നതിന് C.C 1:2:4 എന്ന പ്രവർത്തി കൂടുതലായി ഉൾപ്പെടുത്തി.

വീടുകളിൽ സംഭരിക്കുന്ന അജൈവ മാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ സെന്ററിൽ സംഭരിച്ച ശേഷം റീസൈക്ളിംഗിന് കൈമാറുകയാണ് ചെയ്തു വരുന്നത്.6-10-2021 ന് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ സന്ദർശനം നടത്തിയപ്പോൾ കളക്ഷൻ സെന്ററിനുള്ളിലും അതിനു ചുറ്റുവട്ടത്തായി പഞ്ചായത്ത് ബിൽഡിംഗിന്റെ മുൻവശത്തും അജൈവ മാലിന്യങ്ങൾ ചാക്കുകളിൽ കൂട്ടിയിട്ടിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്.ആത് പൊതുജനങ്ങൾക്കും ജീവനക്കാർക്കുമെല്ലാം അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്.ബെയ് ലിംഗ് മെഷിൻ ,വെയിംഗ് മെഷിൻ തുടങ്ങിയവയൊന്നും കളക്ഷൻ സെന്ററിൽ സ്ഥാപിച്ചിട്ടില്ല.

മെറ്റിരിയൽ കളക്ഷൻ സെന്ററിൽ ആവശ്യത്തിന് സൗകര്യം ഒരുക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്.അതിനായി ഇപ്പോൾ തെരഞ്ഞെടുത്ത സ്ഥലം ഒട്ടും അനുയാജ്യമല്ല.ആയത് അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിഞ്ഞു. മാലിന്യങ്ങൾ നീക്കം ചെയ്ത ശേഷം കെട്ടിടം മറ്റു രീതിയിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-34 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ പദ്ധതി-പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

പ്രൊജക്ട് -വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (ജനറൽ)

പ്രൊജക്ട് നം. - S0005/20

അടങ്കൽ - 4,70,120 (4,69,800 – വികസനഫണ്ട് ; 320- തനത് ഫണ്ട്)

ബിൽ നം.11/20-01-2020 : 4,69,800

ചെക്ക് നം. 6778/31-12-2019 : 320

വി.ഇ.ഒ നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് 146 കട്ടിൽ വിതരണം ചെയ്തതിന്റെ വിലയായി 4,60,716രൂപ ഹൈലുക്ക് ഫർണ്ണിച്ചർ, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം 7 വർഷത്തെ വാറന്റിയാണ് നൽകിയിട്ടുള്ളത്. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5%

പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ കട്ടിൽ വിതരണം ചെയ്ത മേൽ സ്ഥാപനത്തിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-35 പരിരക്ഷ പദ്ധതി-ഭക്ഷണ ചെലവ് അധികം നൽകി

പ്രോജക്ട് : 53/20, പരിരക്ഷാ പദ്ധതി

നിർവ്വഹണം :മെഡിക്കൽ ഓഫീസർ (ആരോഗ്യം)

പ്രസ്തുത പദ്ധതി പ്രകാരം 4അംഗങ്ങളടങ്ങിയ ഹോം കെയർ ടീമിന്റെ ഭക്ഷണ ചെലവ് 350 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. 07.03.2019ലെ സ.ഉ(സാധാ) 553/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് (പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ) ഖണ്ഡിക 2.6.5 പ്രകാരം ഒരാൾക്ക് 80 രൂപ നിരക്കിലാണ് ഭക്ഷണ ചെലവ് അനുവദിക്കേണ്ടത്. ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ഫണ്ട് | ബിൽ/ ചെക്ക് നം.&തീയതി | തുക | ചെലവുകൾ | റിമാർക്സ് |
|---|---|---|---|---|
| വികസന ഫണ്ട് | 02/11.7.2019 | 56600 | ഡ്രൈവർ :22100<br>നഴ്സ്:22950<br>ഭക്ഷണം:11550<br>ആകെ:56600 | 2019ഏപ്രിൽ , മെയ് മാസങ്ങളിലെ ചെലവ്.<br>33 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 990രൂപ (33x30) |
| | 03/06.09.2019 | 150300 | ഡ്രൈവർ :27300<br>നഴ്സ്:33300<br>നഴ്സ് മറ്റേണിറ്റി ലീവ് ഹോണറേറിയം: 75000<br>ഭക്ഷണം:14700<br>ആകെ:150300 | 2019ജൂൺ,ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ ചെലവ്.<br>42 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 1260രൂപ (42x30) |
| | 4/20.11.2019 | 75195 | ഡ്രൈവർ :20735<br>നഴ്സ്:30000<br>ഇന്ധനം:13600<br>ഭക്ഷണം:10150<br>RTഓഫീസ്:710<br>ആകെ:75195 | 2019സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ചെലവ്.<br>29 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 870രൂപ (29x30) |
| തനത് ഫണ്ട് | JN2595913 /20.03.2020 | 69075 | ഡ്രൈവർ :25025<br>നഴ്സ്:30000<br>ഇന്ധനം:1800<br>ഭക്ഷണം:12250<br>ആകെ:69075 | 2019നവംബർ, ഡിസംബർ മാസങ്ങളിലെ ചെലവ്.<br>35 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 1050രൂപ (35x30) |
| | JN2595918 /27.03.2020 | 29560 | ഡ്രൈവർ :10010<br>നഴ്സ്:15000<br>ഭക്ഷണം:4550<br>ആകെ:29560 | 13 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 390രൂപ (13x30) |
| ആകെ | | | | 4560 രൂപ അധികം |

4പേരടങ്ങിയ പാലിയേറ്റീവ് ടീമിന് ഭക്ഷണ ചെലവായി ഒരു ദിവസത്തേയ്ക്ക് 350രൂപ അനുവദിക്കുന്നതിന് അനുമതി നൽകുന്ന സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക നിരക്കിൽ തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.13 /07.10.21)നൽകി. മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ തുക തിരിച്ചടവാക്കേണ്ടതാണ്

## 1-36 മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്ക് യോജ്യമാവാത്ത പ്രവൃത്തികൾ നടത്തി

ആരോഗ്യജാഗ്രത-മഴക്കാല രോഗ നിയന്ത്രണങ്ങൾക്കായി വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾക്ക് ഫണ്ട് അനുവദിക്കുകയും പ്രവൃത്തികൾ നടത്തിയ രേഖകളും കാഷ്ബുക്ക്,ബാങ്ക് പാസ്സ് ബുക്ക് എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി.മഴക്കാലത്തിന്റെ മുന്നോടിയായി ഓടകളും തോട്ടുകളും വൃത്തിയാക്കി വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കി,മാലിന്യങ്ങൾ നീക്കം ചെയ്ത് കൊതുക്,എലി തുടങ്ങിയ ജീവിജന്യ രോഗങ്ങൾ വരാതെ മുൻകരുതലെടുക്കുന്നതിനാണ് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നടത്താതെ ആയതിന്റെ ഉദ്ദേശ ലക്ഷ്യം നിറവേറ്റപ്പെടാത്ത മറ്റ് പ്രവർത്തനങ്ങൾ ഏതാനും കമ്മിറ്റികൾ നടത്തിയതായി ശ്രദ്ധയിൽ പെട്ടു.

1) തുണിസഞ്ചി വിതരണം.

വാർഡ് 12: കൺവീനർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് കൊള്ളൺ ഇക്കോ ബാഗ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.:208/3.4.20) 13580 രൂപയ്ക്ക് 485 തുണിസഞ്ചി വാങ്ങി വിതരണം നടത്തി.

വാർഡ് 13: കൺവീനർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് കൊള്ളൺ ഇക്കോ ബാഗ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.:209/3.4.20) 13160 രൂപയ്ക്ക് 470 തുണിസഞ്ചി വാങ്ങി വിതരണം നടത്തി.

വാർഡ്07: 15000രൂപ 55999/26.6.20 ചെക്ക് മുഖേന കൊള്ളൺ ഇക്കോ ബാഗ് എന്ന സ്ഥാപനത്തിന് നൽകി തുണി സഞ്ചി വതരണം നടത്തി

2) മാസ്ക് വിതരണം

വാർഡ് 09:കൺവീനർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് GFAB For Men കോട്ടക്കൽ എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.:88/11.9.20) 14634 രൂപയ്ക്ക് 770 മാസ്കുകൾ വാങ്ങി വിതരണം നടത്തി.

വാർഡ് 10:കൺവീനർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് GFAB For Men കോട്ടക്കൽ എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം.:131/22.10.20) 14974 രൂപയ്ക്ക് 770 മാസ്കുകൾ വാങ്ങി വിതരണം നടത്തി.

3)ക്വാറി വേസ്റ്റ് നിറച്ച് റോഡിലെ കുഴിയടക്കൽ

വാർഡ് 06:അംഗനവാടിയിൽ പോകുന്നതിന് ഗർഭിണികൾക്കും കുട്ടികൾക്കും പ്രയാസം ഒഴിവാക്കുന്നതിന് എന്ന കാരണം രേഖപ്പെടുത്തി തറമ്മൽതാഴം-എസ്റ്റേറ്റുപടി റോഡിൽ കുഴിയടക്കുന്നതിനായി ക്വാറി വേസ്റ്റ് (KL55T 4201 വണ്ടിയിൽ 5 ലോഡ്) ലഭ്യമാക്കിയതിന് 15000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

വാർഡ് 15:ചികലങ്ങാട്ടിൽ-താമരക്കുളം റോഡിൽ കുഴിയടക്കുന്നതിനായി ക്വാറി വേസ്റ്റ് (KL55K 5253 ) ലഭ്യമാക്കിയതിന് 10950 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

പ്ലാസ്റ്റിക് ക്യാരിബാഗുകളെ പ്രതിരോധിക്കുന്നതിന് തുണിസഞ്ചി വിതരണം , കോവിഡ് പശ്ചാത്തലത്തിൽ മാസ്ക് വിതരണം, ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് റോഡിലെ കുഴിയടക്കൽ മുതലായവ നല്ല കാര്യങ്ങളാണെങ്കിലും മഴക്കാലത്തോടനുബന്ധിച്ച് ഉണ്ടാകുന്ന പകർച്ച വ്യാധികൾ വരാതെ പ്രതിരോധിക്കുന്നതിനായി നടത്തുന്ന മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്ക് അനുവദിക്കുന്ന ഫണ്ട് മേൽ പരാമർശിച്ച പ്രകാരം വിനിയോഗിക്കുന്നത് നിർദ്ദിഷ്ട ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമല്ലയെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.
(ഓഡിറ്റ്എൻക്വയറി നം.14/07-10-2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 22.09.2021 മുതൽ 25.09.2021വരെ | റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,97,500 | നെൽകൃഷി വികസനം | 2,97,500 | 0 |
| | 2,00,000 | പരിരക്ഷാ പദ്ധതി | 2,00,000 | |
| | 55,950 | പരിരക്ഷാ പദ്ധതി | 55,950 | |
| | 15,20,000 | ലൈഫ് ഭവനനിർമ്മാണം - ജനറൽ | 15,20,000 | |
| | 96,020 | കോറാട്ജി എം.എൽ.പി സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം | 96,020 | |
| ജില്ലാ പഞ്ചായത്ത് | 11,420 | ലൈഫ് ഭവനനിർമ്മാണം - ജനറൽ | 11,420 | 0 |
| | 95,200 | ലൈഫ് ഭവനനിർമ്മാണം - എസ്.സി | 95,200 | |
| | 2,31,400 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,31,400 | |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | GWD | 271/20പുന്നക്കപ്പാറ അങ്കനവാടിയിൽ മോട്ടോർ സ്ഥാപിക്കൽ | 3097495/4-2-20<br>27/31-1-20 | 30,000<br>50000 | --<br>---- | 80,000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 44,60,000 | 75,00,000 | 8,82,353 | 0 | 1,10,77,647 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2931615 |
| തൻവർഷം നിക്ഷേപിച്ച തുക | 209650 |
| ആകെ | 3141265 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3141265 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 7647) | 755159 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 8178) | 1214300 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 8496) | 1171806 |
| ആകെ | 3141265 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 1997-98 | 33 | 399 | എം മുഹമ്മദ് പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ | 119050103037/9.10.19 |
| 1999-2000 | 27 | 100 | യൂസഫ് തളാപ്പിൽ | 119050103038/9.10.19 |
| 1999-2000 | 27 | 36 | കദിയാമു പി | 119050103039/9.10.19 |
| 1999-2000 | 28 | 120 | ശശികുമാർ എം.പി, ഹെൽത്ത് ഇൻസ്പെക്ടർ | 119050103040/9.10.19 |
| 2002-03 | 3(3) | 350 | സൈതലവി, മുൻ പ്രസിഡന്റ് | 119050103041/9.10.19 |
| 2002-03 | 3(4) | 50 | എൻ.കെ ഖദീജ, ചെയർപേഴ്സൺ | 119050103042/9.10.19 |
| 2003-04 | 3(1) | 121 | സെക്രട്ടറി | 119050103043/9.10.19 |
| 2002-03 | 3(7) | 1200 | സുധീർകുമാർ ടി | 119050103180/15.10.19 |
| 2002-03 | 4(3) | 300 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 119050103306/16.10.19 |
| 2017-18 | 3(10) | 10000 | വിജയൻ പി, കൺവീനർ | 119050103441/18.10.19 |
| 2003-04 | 3(4) | 976 | യു. മരക്കാർ പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ | 119050104206/02.11.19 |
| 2008-09 | 2(1-2) | 107 | സെക്രട്ടറി | 119050104218/02.11.19 |
| 2008-09 | 3(2) | 600 | സെക്രട്ടറി | 119050103219/02.11.19 |
| 2017-18 | 3(12) | 76181 | മഞ്ജു ജി, അസിസ്റ്റന്റ് എഞ്ചിനീയർ | 119050105050/30.11.19 |
| 2005-06 | 2(1) | 2500 | മാനേജർ, എസ്.ബി.ഐ | 119050500006/12.12.19 |
| 2010-11 | 3-3(1) | 2235 | അനിൽദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 119050106270/05.02.20 |
| | ആകെ | 95,275 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|

| നമ്പർ | വർഷം | | | നമ്പർ | | | |
|---|---|---|---|---|---|---|---|
| 1 | 1998-99 | 39 | പി.മുഹമ്മദ്കുട്ടി | LF18459/Sp.Cell/Sc5/03 29.05.04 | 3,822 | 3,822 | ലഭ്യമല്ല |
| 2 | 1998-99 | 40 | പി.മുഹമ്മദ്കുട്ടി | -Do- | 1,193 | 1,193 | ടി |
| 3 | 1999-00 | 33-1 | എം.പിരാധാകൃഷ്ണൻ, എ.ഇ.ഇ | LF23905/Sp.Cell/Sc D1/11 Dt. 19.10.12 | 5,958 | 5,958 | ടി |
| 4 | 1999-00 | 33-1 | കെ.ബാലൻ, എ.ഇ | -Do- | 5,958 | 5,958 | ടി |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 137108220 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 109195658 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,76,416 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 167715 | ശ്രീ. അശോകൻ.എ.സി., സെക്രട്ടറി |
| 1-23 | 5,58,932 | ശ്രീ ജേക്കബ് ജോർജ്ജ്, കൃഷി ഓഫീസർ |
| 1-24 | 49,769 | ശ്രീമതി ദീപിക ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | 1,00,000 | ശ്രീ രാജേഷ് കെ.കെ, വി.ഇ.ഒ |
| 1-32 | 9,00,000 | ഡോ.കാർത്തികേയൻ, വെറ്റിനറി സർജൻ |
| ആകെ | 17,76,416 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-1998 | എൽ.എഫ്.എം-11/714/01/ തീ 07-10-2010 | 20 | |
| 1998-1999 | എൽ.എഫ്.എം-15/575/01/ തീ 07-10-2010 | 20 | |
| 1999-2000 | എൽ.എഫ്.എം-15/1487/02/ തീ 07-10-2010 | 11 | |
| 2000-2001 | എൽ.എഫ്.എം-15/1714/02/ തീ 07-10-2010 | 7 | |
| 2001-2002 | എൽ.എഫ്.എം-10/1136/2018/ തീ 06.08.2018 | 6 | |
| 2002-2003 | എൽ.എഫ്.എം-15/7434/01/ തീ 07-10-2010 | 19 | |
| 2003-2004 | എൽ.എഫ്.എം-11/1731/09/ തീ 07-10-2010 | 7 | |
| 2004-2005 | എൽ.എഫ്.എം-11/2021/08/ തീ 07-10-2010 | 8 | |
| 2005-2006 | എൽ.എഫ്.എം-14/1685/11/ തീ 19-03-2012 | 9 | |
| 2006-2007 | എൽ.എഫ്.എം-14/1686/11/ തീ 13-02-2012 | 12 | |

| | | | |
|---|---|---|---|
| 2007-2008 | എൽ.എഫ്.എം-14/55/12/ തീ 21-02-2012 | 17 | |
| 2008-2009 | എൽ.എഫ്.എം-14/56/12/ തീ 21-02-2012 | 19 | |
| 2009-2010 & 2010-2011 | എൽ.എഫ്.എം-14/1099/20/ തീ 20-07-2013 | 11 | |
| 2011-2012 & 2012-2013 | എൽ.എഫ്.എം-24/629/15/ തീ 21-04-2015 | 48 | |
| 2013-14 & 2014-15 | കെ.എസ്.എ-എംപിഎം.24/2062/2016 | 10 | |
| 2015-16 | കെ.എസ്.എ-എംപിഎം.24/23/2017 തീ.21-01-2017 | 20 | |
| 2016-17 | കെ.എസ്.എ എം.പി.എം 10/2264/2017 തിയതി 25.11.2017 | 18 | |
| 2017-18 | കെ.എസ്.എ എം.പി.എം 10/2780/2018 തിയതി 04.06.2019 | 15 | |
| 2018-19 | കെ.എസ്.എ എം.പി.എം10/1018/2020 തിയതി 25.08.2020 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്